**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2596** **14-09-2023 - ൽ മറുപടിയ്ക്ക്**

**ലോകനാർക്കാവിലെ തീർത്ഥാടന ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോകനാർക്കാവിൽ തീർത്ഥാടന ടൂറിസം പദ്ധതിയുടെ ഭാഗമായി കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 09.08.2020 ലെ കിഫ്ബി ഉത്തരവ് നമ്പർ TSM005-01/APR-3/2020/KIIFB പ്രകാരം ലോകനാർക്കാവിലെ തീർത്ഥാടന ടൂറിസം പ്രവൃത്തി കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് 6.69 കോടി രൂപ കിഫ്ബി ധനസഹായം നൽകിയിട്ടുള്ളതും അതനുസരിച്ച് പ്രസ്തുത പ്രവൃത്തി ചുറ്റമതിൽ, ചെറിയ ചിറ നവീകരണം, കുളപ്പുര, തന്ത്രിമഠം, ഊട്ടുപുര, മ്യൂസിയം, വലിയ ചിറ നവീകരണം, അമ്പലത്തിനു ചുറ്റും കല്ല് പാകുന്ന പ്രവൃത്തി എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ടെൻഡർ ചെയ്യുകയും 3.78 കോടി രൂപ അടങ്കൽ തുകയ്ക്ക് സാജ് കൺസ്ട്രക്ഷൻസിന് കൈമാറുകയും ചെയ്തു. പ്രവൃത്തി 26.06.2021-ന് ആരംഭിച്ചു. ചുറ്റമതിലിന്റെ പ്രവൃത്തി, വലിയ ചിറ, ചെറിയ ചിറ, തന്ത്രിമഠം എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചു. കുളപ്പുരയുടെയും ഊട്ടുപുരയുടെയും മേൽക്കൂരയുടെ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>ബഹു. എം.എൽ.എ യുടെ അധ്യക്ഷതയിൽ ജൂലൈ മാസം 25 ന് ലോകനാർകാവ് അമ്പലത്തിൽ വച്ച് നടന്ന അവലോകന യോഗത്തിൽ കൊട്ടാരം മ്യൂസിയം ആയി നവീകരിക്കാനുള്ള പ്രവൃത്തി ഒഴിച്ചുള്ള മറ്റെല്ലാ പ്രവർത്തികളും എത്രയും വേഗം പൂർത്തീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. കൊട്ടാരം മ്യൂസിയം ആയി നവീകരിക്കാനായി ക്യൂറേഷൻ വർക്കുകൾ അടക്കമുള്ള പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് കേരള മ്യൂസിയത്തിന്റെ കൂടെ അംഗീകാരത്തോടെ തയ്യാറാക്കുന്നതിന് തീരുമാനമായി എന്നും ഇതിൻ പ്രകാരം മ്യൂസിയം നവീകരണം ഒഴിച്ചുള്ള മറ്റെല്ലാ പ്രവൃത്തികളും 2023 സെപ്റ്റംബർ മാസം 15 ന് പൂർത്തിയാക്കുന്നതാണ് എന്നും പദ്ധതി നിർവഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി അറിയിച്ചിട്ടുണ്ട്. മ്യൂസിയം നവീകരണത്തിനുള്ള പ്ലാനും |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ കെ.ഐ.ഐ.ഡി.സി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ? | (ബി) | 09.08.2020 ലെ കിഫ്ബി ഉത്തരവ് നമ്പർ TSM005-01/APR-3/2020/KIIFB പ്രകാരം ലോകനാർക്കാവിലെ തീർത്ഥാടന ടൂറിസം പ്രവൃത്തി കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് 6.69 കോടി രൂപ കിഫ്ബി ധനസഹായം നൽകിയിട്ടുള്ളതും അതനുസരിച്ച് പ്രസ്തുത പ്രവൃത്തി ചുറ്റമതിൽ, ചെറിയ ചിറ നവീകരണം, കുളപ്പുര, തന്ത്രിമഠം, ഊട്ടുപുര, മ്യൂസിയം, വലിയ ചിറ നവീകരണം, അമ്പലത്തിനു ചുറ്റും കല്ല് പാകുന്ന പ്രവൃത്തി എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി ടെൻഡർ ചെയ്യുകയും 3.78 കോടി രൂപ അടങ്കൽ തുകയ്ക്ക് സാജ് കൺസ്ട്രക്ഷൻസിന് കൈമാറുകയും ചെയ്തു. പ്രവൃത്തി 26.06.2021-നു ആരംഭിച്ചു. ചുറ്റമതിലിന്റെ പ്രവൃത്തി, വലിയ ചിറ, ചെറിയ ചിറ, തന്ത്രിമഠം എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചു. കുളപ്പുരയുടെയും ഊട്ടുപുരയുടെയും മേൽക്കൂരയുടെ പ്രവൃത്തി പുരോഗമിക്കുന്നു.<br><br>ബഹു. എം.എൽ.എ യുടെ അധ്യക്ഷതയിൽ ജൂലൈ മാസം 25 നു ലോകനാർകാവ് അമ്പലത്തിൽ വച്ചു നടന്ന അവലോകന യോഗത്തിൽ കൊട്ടാരം മ്യൂസിയം ആയി നവീകരിക്കാനുള്ള പ്രവൃത്തി ഒഴിച്ചുള്ള മറ്റെല്ലാ പ്രവർത്തികളും എത്രയും വേഗം പൂർത്തീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. കൊട്ടാരം മ്യൂസിയം ആയി നവീകരിക്കാനായി ക്യൂറേഷൻ വർക്കുകൾ അടക്കമുള്ള പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് കേരള മ്യൂസിയത്തിന്റെ കൂടെ അംഗീകാരത്തോടെ തയ്യാറാക്കുന്നതിന് തീരുമാനമായി എന്നും ഇതിൻ പ്രകാരം മ്യൂസിയം നവീകരണം ഒഴിച്ചുള്ള മറ്റെല്ലാ പ്രവൃത്തികളും 2023 സെപ്റ്റംബർ മാസം 15 നു പൂർത്തിയാക്കുന്നതാണ് എന്നും പദ്ധതി നിർവഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി അറിയിച്ചിട്ടുണ്ട്. മ്യൂസിയം നവീകരണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ കെ.ഐ.ഐ.ഡി.സി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ